(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

മദ്യത്തിന്റെ വില

*820 [887] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യത്തിന്റെ വില പലയിടത്തും പല രീതിയിൽ ഈടാക്കിവരുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) വിദേശമദ്യം, കഞ്ചാവ്, ചാരായം ഇവയ്ക്ക് സംസ്ഥാനമൊട്ടാകെ ഏകീകൃത വില നിശ്ചയിക്കുവാൻ ഭയവുണ്ടാകുമോ;

(സി) മദ്യത്തിന്റെ അളവും മൂല്യവും പരിശോധിക്കുവാൻ നിലവിൽ എന്തെങ്കിലും വ്യവസ്ഥയുണ്ടോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) എല്ലാ ജില്ലകളിലും ഒരേ വിലയല്ല ഈടാക്കുന്നതെന്ന് ഗവൺമെന്റിനറിയാം.

(ബി) ഈ നിർദ്ദേശം പ്രായോഗികമല്ല.

(സി) ഉണ്ട്.

പട്ടികവർഗ്ഗക്കാർക്ക് ജനസംഖ്യാനുപാതികമായി സംവരണം

*821 [888] ശ്രീ. കല്ലട നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1971-ലെ സെൻസസ് അനുസരിച്ച്, കേരളത്തിൽ പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ എത്രയായിരുന്നു;

(ബി) പട്ടികവർഗ്ഗത്തിലെ ചില വിഭാഗക്കാരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിയതുകൊണ്ട് ഇപ്പോൾ പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ എത്ര;

(സി) പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ കുറഞ്ഞതുകൊണ്ട് അവർക്കുനൽകിവരുന്ന 2 ശതമാനം ഉദ്യോഗസംവരണം കുറയ്ക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിൻമേലുള്ള നടപടികൾ എത്രത്തോളമായി എന്ന് വിശദീകരിക്കുമോ?

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പുമന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) 269356

(ബി) 193132

(സി) ഇപ്പോൾ സ്വീകരിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly